നമ്പർ:സി.ബി.(1)19811/08.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം. തീയതി: 22-05-2008.

# സർക്കുലർ നമ്പർ 33/2008

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 16-04-2008 തീയതിയിലെ 22/2008 നമ്പർ സർക്കുലർ.

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 01-03-2008 മുതൽ 15-04-2008 വരെ സംഘടിപ്പിച്ചിരുന്ന 29-ാമത് നിക്ഷേപ സമാഹരണ യജ്ഞം അവസാനിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 16-04-2008 മുതൽ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശ നിരക്ക് നിശ്ചയിച്ച് സൂചന പ്രകാരം സർക്കുലർ നിർദേശം പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെയും, വിവിധ വാണിജ്യ ബാങ്കുകളിലേയും നിലവിലുള്ള പലിശ നിരക്ക് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ നിശ്ചയിച്ച് ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1. | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 5.00 | 5.00 | 5.00 | 5.25 | 5.25 |
| 2. | 46 ദിവസം മുതൽ 90 ദിവസം വരെ | 6.00 | 6.00 | 6.00 | 6.00 | 6.25 | 6.25 |
| 3. | 91 ദിവസം മുതൽ 179 ദിവസം വരെ | 6.00 | 6.00 | 6.25 | 7.00 | 6.50 | 7.25 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | 180 ദിവസം മുതൽ 364 ദിവസം വരെ | 7.50 | 7.50 | 7.50 | 7.75 | 8.00 | 8.25 |
| 5. | 1 വർഷം മുതൽ 3 വർഷം വരെ | 8.50 | 8.50 | 8.50 | 9.25 | 9.00 | 9.75 |
| 6. | 3 വർഷം മുതൽ 5 വർഷം വരെ | 9.00 | 9.00 | 9.00 | 9.25 | 9.25 | 9.75 |
| 7. | 5 വർഷവും അതിനു മുകളിലും | 9.25 | 9.25 | 9.25 | 9.25 | 9.50 | 9.75 |

മേൽ നിരക്കുകൾക്ക് പുറമേ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് അരശതമാനം മുതൽ ഒരു ശതമാനം വരെ അധിക പലിശ നിരക്ക് നൽകാവുന്നതാണ്. പുതുക്കിയ നിരക്കുകൾക്ക് സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
കെ.വി. സുരേഷ് ബാബു,
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്).

പകർപ്പ്:

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)മാർക്കും.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർമാർക്കും
   (ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ഓഡിറ്റ്)മാർക്കും
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും.
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ.
10. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.
11. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി